**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 3741 — 25.06.2013-ലെ മറുപടിയ്ക്ക്

# സഹകരണ മേഖലയിലെ ശീതീകരിച്ച ഗോഡൗണുകൾ

| **ചോദ്യം** | **മറുപടി** |
| --- | --- |
| ശ്രീ. പി.സി.വിഷ്ണുനാഥ്<br>,, സണ്ണി ജോസഫ്<br>,, പാലോട് രവി<br>,, സി.പി.മുഹമ്മദ് | ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) കർഷകരുടെ ഉൽപന്നങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിന് സഹകരണ മേഖലയിൽ ശീതീകരിച്ച ഗോഡൗണുകൾ നിർമ്മിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; | (എ) പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ഗോഡൗണുകൾ, ശീതീകരിച്ച ഗോഡൗണുകൾ, വെയർഹൗസുകൾ എന്നിവ നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്നതിനുള്ള പദ്ധതികൾ നിലവിലുണ്ട്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (ബി) 1. ഓരോ സഹകരണ സംഘത്തിന്റെയും പ്രവർത്തന പരിധിയിലുള്ള കർഷകരുടെ ഉല്പന്നങ്ങൾ വിളവെടുപ്പുകാലത്ത് വിലയ്ക്കു വാങ്ങി സംഭരിച്ച് നല്ല വില ലഭിക്കുന്ന സമയത്ത് വിൽക്കുക.<br>2. കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള ഗോഡൗൺ സൗകര്യം നൽകുക. |

3. വെയർഹൗസിംഗ് ഡവലപ്മെന്റ് ആന്റ് റഗുലേറ്ററി അതോറിറ്റിയിൽ (WDRA) അക്രെഡിറ്റ് ചെയ്ത 100 MT-യിൽ കൂടുതൽ കപ്പാസിറ്റിയുള്ള സഹകരണ സംഘങ്ങളിലെ കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾ ഗോഡൗണുകളിൽ സൂക്ഷിക്കുന്നതിനും അവർ സൂക്ഷിച്ചിരിക്കുന്ന ഉല്പന്നത്തിന്റെ വിലയ്ക്ക് ആനുപാതികമായ തുക വായ്പയായി നൽകുന്നതിനും കഴിയും.

| | | | |
|---|---|---|---|
| (സി) | ഇതിലേയ്ക്കാവശ്യമായ തുക എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്; | (സി) | എൻ.സി.ഡി.സി.യുടെ സ്കീമായ ക്രെഡിറ്റ് ലിങ്ക്ഡ് ക്യാപ്പിറ്റൽ ഇൻവെസ്റ്റ്മെന്റ് സബ്സിഡി സ്കീം പ്രകാരം ഗ്രാമീണ മേഖലയിലെ എല്ലാത്തരം സഹകരണ സംഘങ്ങൾക്കും കാർഷികോല്പന്നങ്ങൾ സൂക്ഷിക്കുന്നതിന് ഗോഡൗണുകൾ, ശീതീകരിച്ച ഗോഡൗണുകൾ (Cold storage) എന്നിവ നിർമ്മിക്കുന്നതിന് ഇപ്പോൾ തന്നെ ധനസഹായം നൽകിവരുന്നുണ്ട്. പ്രോജക്ട് ചെലവിന്റെ 50% വായ്പയും 25% സബ്സിഡിയും 15% ഓഹരി മൂലധനവും നൽകും 10% സ്വന്തം ഫണ്ട് സംഘം വിനിയോഗിച്ച് നിർമ്മാണം പൂർത്തിയാക്കണമെന്നാണ് വ്യവസ്ഥ. |

| | | | |
|---|---|---|---|
| | | | നബാർഡിന്റെ RIDF സ്കീം പ്രകാരവും സഹകരണ സംഘങ്ങൾക്ക് ഗോഡൗണുകൾ /വെയർഹൗസുകൾ ഇവ സ്ഥാപിക്കുന്നതിന് ധനസഹായം നൽകുന്നതിനും വ്യവസ്ഥയുണ്ട്. |
| (ഡി) | ഇതിലേയ്ക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ? | (ഡി) | എൻ.സി.ഡി.സി.യും നബാർഡും ഗോഡൗണുകൾ/ശീതീകരിച്ച ഗോഡൗണുകൾ/വെയർ ഹൗസുകൾ ഇവ നിർമ്മിക്കുന്നതിന് ധനസഹായം ആവശ്യമുള്ള സഹകരണ സംഘങ്ങളിൽ നിന്നും അപേക്ഷകൾ വാങ്ങി അയയ്ക്കുന്നതിന് ജില്ലാ ജോയിന്റ് രജിസ്ട്രാർമാർ നിർദ്ദേശം നൽകിയിട്ടുണ്ട്. അപേക്ഷകൾ , സർക്കാർ എൻ.സി.ഡി.സിയ്ക്കും നബാർഡിനും ശുപാർശയോടെ അയയ്ക്കുന്നു. ഈ വർഷത്തെ ബഡ്ജറ്റിൽ എൻ.സി.ഡി.സി. സ്കീമിന് വായ്പാ, സബ്സിഡി ഇവ നൽകുന്നതിന് 210 ലക്ഷം രൂപയും ഓഹരി മൂലധനം നൽകുന്നതിന് 289.99 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ